സഭാ സാമാജികർ, എം.പി.മാർ, ഇൻഫർമേഷൻ സെന്ററുകൾ, പ്രമുഖ വ്യക്തികൾ, പത്രങ്ങൾ എന്നിങ്ങനെ വിതരണം ചെയ്യുവാനാണ് ഉദ്ദേശിക്കുന്നത്.

(എഫ്)ഉദ്ദേശിക്കുന്നുണ്ട്.

23 (23) പൊതുമേഖലാ സ്ഥാപനതലവന്മാരുടെ വിദേശയാത്ര

ശ്രീ. വി. ബാലറാം :

ഡോ. എം.എ. കുട്ടപ്പൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ ഗവൺമെന്റ് അധികാരത്തിൽ വന്നശേഷം ഇതുവരെ ഏതെല്ലാം പൊതുമേഖലാ സ്ഥാപനങ്ങളുടെ തലവൻമാരും മാനേജിംഗ് ഡയറക്ടർമാരും വിദേശയാത്ര നടത്തിയിട്ടുണ്ട്;

(ബി) ഈ വിദേശയാത്രയ്ക്കുവേണ്ടി ഓരോരുത്തരും ടി.എ. ഡി.എ. എന്റർടെയിൻമെന്റ് അലവൻസ് എന്നീയിനങ്ങളിൽ എന്തുതുകവീതം കൈപ്പറ്റിയിട്ടുണ്ട്;

(സി) ഈ വിദേശയാത്രകൾക്ക് ഓരോരുത്തർക്കും അനുവദിച്ച വിദേശനാണ്യം എത്രവീതമായിരുന്നു;

(ഡി) എന്തെല്ലാം ഉദ്ദേശ്യലക്ഷ്യങ്ങളുടെ പേരിലാണ് അവർ വിദേശയാത്ര നടത്തിയത്;

(ഇ) ഇതിന്റെ ഫലമായി സംസ്ഥാനത്തിന് എന്തെല്ലാം നേട്ടങ്ങൾ കൈവരിക്കുവാൻ കഴിഞ്ഞുവെന്ന് വിശദമാക്കുമോ?

ഉത്തരം

(എ)മുതൽ (ഇ)വരെ വിവരം ശേഖരിച്ചുവരുന്നു.

24 (24) നെടുമ്പാശ്ശേരി വിമാനത്താവളം

ശ്രീ. ഡൊമിനിക് പ്രസന്റേഷൻ :

ശ്രീ. പി.ജെ. ജോയി :

ശ്രീ കെ. മുഹമ്മദാലി :

ശ്രീ. കെ. ബാബു :

ശ്രീ. വി.ജെ. പൗലോസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) നെടുമ്പാശ്ശേരി അന്താരാഷ്ട്ര വിമാനത്താവളത്തിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ എന്നാണ് ആരംഭിച്ചത്;

(ബി) പ്രസ്തുത വിമാനത്താവളത്തിന്റെ നിർമ്മാണത്തിന് കമ്പനിയാണോ സൊസൈറ്റിയാണോ രൂപീകരിച്ചിട്ടുള്ളത്; ഇതിൽ സർക്കാരിന്റെ ഷെയർ എത്രയാണ്;

(സി) ഇത് രൂപീകരിച്ചപ്പോൾ ഇതിന്റെ ചെയർമാൻ ആരായിരുന്നു. പിന്നീട് ഇതിന്റെ ചെയർമാൻമാർ ആരൊക്കെയായിരുന്നു;

(ഡി) ഈ വിമാനത്താവളത്തിൽ നിന്നും എന്നുമുതൽ വിമാന സർവ്വീസ് നടത്താൻ കഴിയുമെന്ന് അറിയിക്കുമോ;

LIBRARY ARCHIVES Kerala Legislative Assembly